മാധ്യമം

11 April 2017



സെൻറ് തെരേസാസ് കോളജിൽ നടന്ന സെമിനാർ ഭക്ഷ്യ സുരക്ഷ കമീഷണർ ഡോ. നവജോത് ഖോസ ഉദ്ഘാടനം ചെയ്യുന്നു

# മത്സ്യങ്ങളിൽ രാസപദാർഥങ്ങൾ ഉപയോഗിക്കുന്നത് തടയും –ഭക്ഷ്യസുരക്ഷ കമീഷണർ

**കൊച്ചി:** മത്സ്യങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർഥങ്ങൾ ഉപയോഗിക്കുന്നത് തടയുമെന്ന് സംസ്ഥാന ഭക്ഷ്യസുരക്ഷ കമീഷണർ ഡോ. നവജോത് ഖോസ. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സെൻറ് തെരേസാസ് കോളജിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വടക്കൻ കേരളത്തിലാണ് മത്സ്യങ്ങളിൽ കൂടുതലായി രാസപദാർഥം ചേർക്കുന്നത്. ഇത് തടയുന്നതിന് ഓപ്പറേഷൻ സാഗർ റാണി എന്ന പേരിൽ നടപടി തുടങ്ങിയിട്ടുണ്ട്.

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് റാപിഡ് ഡിറ്റക്ഷൻ കിറ്റുകൾ വികസിപ്പിക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു. സി.എം.എഫ്.ആർ.ഐയിലെ നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ സയൻസും (നാസ്) സെൻറ് തെരേസാസ് കോളജിലെ ഫുഡ് പ്രോസസിങ് ടെക്നോളജി വൊക്കേഷനൽ സ്റ്റഡീസ് വകുപ്പും ചേർന്ന് സംഘടിപ്പിച്ച സെമിനാറിൽ സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായിരുന്നു.

ഡോ. ശ്രീനിവാസഗോപാൽ, ഡോ. കെ.പി. സുധീർ, ഡോ. ജോർജ് ടി. ഉമ്മൻ, ഡോ. എസ്. നസീമ ബീവി, ഡോ. അശോക് കുമാർ, ഡോ. പി.ഐ. ഗീവർഗീസ്, ഡോ. ജെസ്റ്റോ ജോർജ്, സെൻറ് തെരേസാസ് കോളജ് പ്രിൻസിപ്പൽ ഡോ. സജിമോൾ അഗസ്റ്റിൻ, ഡോ. സിസ്റ്റർ വിനിത എന്നിവർ സംസാരിച്ചു.